# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.16 /1772/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 10/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: /1772/2022 കെ.എസ്.എ./കെ.എൻ.ആർ./സി.16 തീയ്യതി: 10/03/2023

## കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2021 മുതൽ 21-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ. എം. സി | ഡെപ്യൂട്ടി ഡയറക്ടർ | 22-12-2022 | 30-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-12-2022 | 30-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു ടി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി റീന പിട്ടൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ എം.വി., ഓഡിറ്റർ
ശ്രീ. പ്രമോദ് കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിഷ. ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ചന്ദ്രൻ. എം വി | സെക്രട്ടറി | 08-04-2021 | 01-07-2021 |
| ശ്രീമതി.ഉഷ.പി.പി | സെക്രട്ടറി | 02-07-2021 | 31-01-2022 |
| ശ്രീമതി.നിഷ. കെ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2022 | 06-02-2022 |
| ശ്രീമതി. ഉഷ. പി. പി | സെക്രട്ടറി | 07-02-2022 | 01-03-2022 |
| ശ്രീമതി.നിഷ. കെ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2022 | 31-03-2022 |
| ശ്രീമതി.നിഷ. കെ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അമൂല്യ ഭാർഗ്ഗവൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.ധന്യ.കെ | മെഡിക്കൽ ഓഫീസർ(ജി എ ഡി) | 01-04-2021 | 31-03-2022 |
| ശ്രീമതി.ആശ.വി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഉദയകുമാരി വി വി | ഐ സി ഡി എസ് സൂപ്പർ വൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി.രജനി എം | ഐ സി ഡി എസ് സൂപ്പർ വൈസർ | 01-07-2021 | 25-11-2021 |
| ശ്രീമതി ഉഷ എം വി | ഐ സി ഡി എസ് സൂപ്പർ വൈസർ | 26-11-2021 | 31-03-2022 |
| ശ്രീ ഷനിൽ എം | വി ഇ ഒ, ചെറുകുന്ന് സർക്കിൾ | 01-04-2021 | 04-07-2021 |
| ശ്രീമതി സുനന്ദ എം വി | വി ഇ ഒ , ചെറുകുന്ന് സർക്കിൾ & താവം സർക്കിൾ | 05-07-2021 | 31-03-2022 |
| ശ്രീമതി. ഷീജ കെ വി | വി ഇ ഒ , താവം സർക്കിൾ | 01-04-2021 | 04-07-2021 |
| ഡോ.സവിത.എം . കെ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ജോസ് ജയകുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ രാജേഷ്. ടി ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 30-06-2021 |
| ശ്രീമതി മിനി നാരായണൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-07-2021 | 31-03-2022 |
| ശ്രീമതി. ജിഷ പ്രദീപ് | ഹെഡ് മാസ്റ്റർ | 01-04-2021 | 26-10-2021 |
| ശ്രീ.രഘുനാഥൻ | ഹെഡ് മാസ്റ്റർ | 27-10-2021 | 31-03-2022 |
| ശ്രീമതി. നിഷ. കെ. പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ധനകാര്യപത്രിക പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- തരിശു ഭൂമി കൃഷി യോഗ്യമാക്കൽ-നിർവ്വഹണത്തിലെ അപാകങ്ങൾ | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ -വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുക പൂർണ്ണമല്ല | 1-7-1 |
| 11 | മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടത് | 1-7-2 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | ഗ്രാമസഭ | 1-10 |
| 15 | വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-11 |
| 16 | വിമുക്തഭടൻമാരുടെ വാസഗൃഹങ്ങൾക്കുള്ള വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ | 1-12 |
| 17 | സർക്കാർ നിർദ്ദേശം വരുന്നതിന് മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-13 |
| 18 | ലൈബ്രറി സെസ് ഒടുക്കുന്നതിലെ കാല താമസം ഒഴിവാക്കേണ്ടതാണ്. | 1-14 |
| 19 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-15 |
| 20 | വി.ഇ.ഒ ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും-Tax Invoice ഹാജരാക്കിയില്ല | 1-16 |
| 21 | ടെണ്ടർ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. | 1-17 |
| 22 | കൃഷി ഭവന് പ്രിന്റർ വാങ്ങൽ-₹12953 തടസ്സപ്പെടുത്തുന്നു. | 1-18 |
| 23 | കുടുംബശ്രീ മുഖാന്തിരം ഇടവിള കൃഷി-മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല - 456700 രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |

| | | |
|---|---|---|
| 24 | തരിശുവയൽ കൃഷിയോഗ്യമാക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-20 |
| 25 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കിയതും മറ്റ് അപാകങ്ങളും | 1-21 |
| 26 | ബെയിലിംഗ് മെഷീനും വെയിംഗ് മെഷീനും സ്ഥാപിക്കൽ- പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-22 |
| 27 | സമഗ്ര വിദ്യാഭ്യാസ പരിപാടി- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ₹37399 തടസ്സപ്പെടുത്തുന്നു | 1-23 |
| 28 | പട്ടിക ജാതി വിദ്യർത്ഥികൾക്ക് ഫർണിച്ചർ-രേഖകൾ ഹാജരാക്കിയില്ല. ₹150500തടസ്സപ്പെടുത്തുന്നു. | 1-24 |
| 29 | ആയുർവേദ ആശുപത്രി ഫാർമസി നവീകരണം- രേഖകൾ ഹാജരാക്കേണ്ടതാണ് | 1-25 |
| 30 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ , വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 18.02.21 തീയതിയിലെ 19/2021 നമ്പർ തീരുമാന പ്രകാരം അവതരിപ്പിക്കുകയും അതേ ദിവസം ഉച്ചയ്ക്ക് ശേഷം ചേർന്ന യോഗത്തിലെ 62/21 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ബജറ്റ് 24.03.22 തീയതിയിലെ 3/22 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അജണ്ടയിലോ തീരുമാനത്തിലോ പ്രസ്തുത വിവരം ഉൾപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9,56,393 | 14,43,091 |
| വരവ് | 13,84,74,386 | 12,45,07,775 |
| ആകെ | 13,94,30,779 | 12,59,50,866 |
| ചെലവ് | 13,86,24,506 | 12,48,94,820 |
| നീക്കിയിരിപ്പ് | 8,06,273 | 10,56,046 |

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 17.02.21 ലെ 12/21 നമ്പർ തീരുമാന പ്രകാരം കരട് ബജറ്റ് ഭരണസമിതിക്ക് സമർപ്പിക്കുകയും ഭരണ സമിതി ആയത് അതേപടി അംഗീകരിക്കുകയും ചെയ്തു .സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് നിർദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 21.03.22 ലെ 14/22 നമ്പർ തീരുമാന പ്രകാരമാണ് പുതുക്കിയ ബജറ്റ് അംഗീകരിച്ച് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചത്.
ജെന്റർ ബജറ്റും പെർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 13.08.2022 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.07.22 തീയതിയിലെ 184/22 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച വാർഷിക ധനകാര്യ പത്രിക നിശ്ചിത സമയപരിധിക്കകം സമർപ്പിക്കാതിരുന്നത് അപാകമാണ്. എയിംസിൽ 23.07.2022തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 ധനകാര്യപത്രിക പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

1.2020-21സാമ്പത്തിക വർഷം ബി 1 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ ഹെഡിലെ തുകയും (1,29,24,399.57രൂപ) 2021-22 സാമ്പത്തിക വർഷം മുന്നിരിപ്പായി ചേർത്ത തുകയും (1,96,01,344രൂപ)തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. ക്ഷേമ പെൻഷൻ തുക ഇനത്തിൽ I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 2021-22 വർഷത്തെ പെൻഷൻ വിതരണത്തിന് 21-22 വർഷം ചെലവഴിച്ച തുക മാത്രമാണ്. 20-21 വർഷത്തെ പെൻഷൻ വിതരണത്തിനായി 21-22 വർഷം ചെലവഴിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ എക്സ്പെന്റിച്ചർ റിപ്പോർട്ട് പ്രകാരം മുൻവർഷത്തെ തുക ലഭ്യമാകാത്തതിനാലാണ് തുക ഉൾപ്പെടുത്താതിരുന്നതെന്നാണ് അറിയിച്ചത്. സാമ്പത്തിക വർഷം തെരഞ്ഞെടുത്ത് പരിശോധിക്കാത്തതിനാലാണ് അപാകം സംഭവിച്ചതെന്നതിനാൽ മറുപടി തൃപ്തികരമല്ല.വിശദ വിവരങ്ങൾ ഖണ്ഡിക 1-7-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് . വിശദാംശങ്ങൾക്കായി ഖണ്ഡിക 1-7-1 കൂടി കാണുക.

3. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(2) പ്രകാരമുള്ള വാർഷികകണക്കിലെ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയോടൊപ്പം ഉൾപ്പെടുത്തിയത് അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ അല്ല.

4. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെട്ട കുടിവെള്ളക്കരം ഒടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയത് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് കൊണ്ടാണ്. പ്രസ്തുത ഇനത്തിനായി തനതു ഫണ്ട് ലഭ്യമല്ലെങ്കിൽ റോഡിതര സംരക്ഷണ ഗ്രാന്റ് ഉപയോഗപ്പെടുത്താനാണ് അനുമതി എന്നതിനാൽ മറുപടി തൃപ്തികരമല്ല.

5.2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി

വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ട് മാന്വൽ നിലവിൽ വരാത്തതിനാലാണ് ആയത് എ എഫ് എസ് ൽ ഉൾപ്പെടുത്താൻ സാധിക്കാത്തത് എന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് മറുപടി നല്കിയത്.

6.ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ തുക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഹോണറേറിയം ഇനത്തിൽ അനുവദിക്കേണ്ട തുക ഉൾപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട ഹെഡ് ലഭ്യമാകാത്തതിനാലാണ് ഉൾപ്പെടുത്താത്തതെന്ന മറുപടി തൃപ്തികരമല്ല.

7. B-18 Schedule പ്രകാരം അഡ്വാൻസ് ഇനത്തിൽ അനുവദിച്ച ₹36620 (ഹെഡ് കോഡ് 460100199-സാക്ഷരതാ പ്രേരക് ഹോണറേറിയം) ₹197393 (കോഡ് 460500501- നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള കണ്ടിജൻസി ചെലവുകൾ), ₹1168000 (കോഡ്460500399-പി എച്ച് സി ,എഫ് എച്ച് സി ആയി ഉയർത്തുന്നതിന് എൻ എച്ച് എം ന് ഡെപ്പോസിറ്റ് ചെയ്ത തുക) എന്നീ തുകകൾ ക്രമീകരിക്കാൻ ബാക്കിയുണ്ട്.
8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 8/26.12.2022 നല്കിയ മറുപടി കൂടി പരിഗണിച്ച് തയ്യാറാക്കിയത്)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 65,47,723 |
| വരവ് | 5,49,65,297 |
| ആകെ | 6,15,13,020 |
| ചെലവ് | 5,44,03,795 |
| നീക്കിയിരിപ്പ് | 71,09,225 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | ₹6,57,552 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സായ തുക) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,12,91,000 | 1,12,91,000 | 1,12,91,000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 26,78,178 | 26,78,178 | 24,31,000 | 2,47,178 |
| മെയിന്റനൻസ് ഗ്രാന്റ് , റോഡ് | 0 | 69,26,000 | 69,26,000 | 68,89,197 | 36,803 |
| മെയിന്റനൻസ് ഗ്രാന്റ് , റോഡിതരം | 0 | 48,53,319 | 48,53,319 | 41,27,586 | 6,35,733 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 51,39,114 | 51,39,114 | 42,95,197 | 8,43,917 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് - ബേസിക്ക് | 0 | 21,02,000+ 38660 (പലിശ) | 21,40,660 | 21,32,520 | 8,140 |
| സാക്ഷരത | 25,238 | 1270 | 26,508 | 0 | 26,508 |
| എസ് എസ് എ | 2984 | 150 | 3134 | 0 | 3134 |
| ടി എസ് സി | 11,23,700 | 0 | 11,23,700 | 11,16,900 | 6800 |

| | | | | | |
|---|---|---|---|---|---|
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 65,949 | 6,71,733 | 7,37,682 | 7,37,682 | 0 |
| അംഗണവാടി നെയിംബോർഡ് സ്ഥാപിക്കുന്നതിനായി ലഭിച്ച തുക | 36,000 | 0 | 36,000 | 36,000 | 0 |
| ശുചത്വമിഷൻ,ഡിസ്പോസിബിൾ ഫ്രീ പഞ്ചായത്ത് | 16,289 | 0 | 16,289 | 0 | 16,289 |
| ഒ ഡി എഫ് | 82,662 | 0 | 82,662 | 0 | 82,662 |
| പി ബി ഐ ജി | 10,99,400 | 10,99,400 | 10,99,400 | 10,99,400 | 0 |
| ശുചിത്വ മിഷൻ - മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം | 24,300 | 0 | 24,300 | 17,500 | 6800 |
| ശുചിത്വ മിഷൻ - ഖരമാലിന്യസംസ്കരണം | 3,39,150 | 0 | 3,39,150 | 0 | 3,39,150 |
| കെ എസ് എഫ് ഇ | 1,80,000 | 0 | 1,80,000 | 0 | 1,80,000 |
| സ്വച്ഛ് ഭാരത് മിഷൻ - ഫേസ് 2 | 0 | 4,38,000 | 4,38,000 | 4,38,000 | 0 |
| അഗതി രഹിത കേരളം | 0 | 9,80,868 | 9,80,868 | 9,80,868 | 0 |
| വിമുക്തി | 33419 | 0 | 33419 | 0 | 33419 |
| എം എൽ എ ഫണ്ട് | 75902 | 2071 | 77973 | 0 | 77973 |
| കുടുംബശ്രീ - പുസ്തകങ്ങൾ വാങ്ങൽ | 3000 | 0 | 3000 | 0 | 3000 |
| ജില്ലാ പഞ്ചായത്ത് -അഗതി രഹിത കേരളം | 1,75,000 | 0 | 1,75,000 | 75,000 | 1,00,000 |
| ജി ഐ എസ് സർവ്വേ-എംഎൻആർഇജിഎസ് | 0 | 30,000 | 30,000 | 0 | 30,000 |
| എം.പി. ഫണ്ട് | 2713 | 74 | 2787 | 0 | 2787 |

വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുക മാനദണ്ഡങ്ങൾ പാലിച്ച കൊണ്ട് യഥാസമയം വിനിയോഗിക്കാനും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 136 | 5,27,40,594 | 114 | 3,89,56,370 | 15 | 22 | 99 | 73 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 36,04,553 | 25,82,630 | 72 |
| വെറ്ററിനറി സർജൻ | 4 | 4 | 10,61,000 | 10,61,000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 8 | 7 | 18,96,850 | 17,82,479 | 94 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 2 | 2 | 18,97,222 | 18,97,222 | 100 |
| വി ഇ ഒ | 20 | 19 | 1,07,05,413 | 68,60,074 | 64 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 9 | 35,00,293 | 31,03,482 | 89 |
| സെക്രട്ടറി | 29 | 24 | 1,10,75,673 | 65,12,843 | 59 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 34 | 25 | 1,57,61,916 | 1,25,12,257 | 79 |
| ഹെഡ്മാസ്റ്റർ | 5 | 3 | 6,04,700 | 4,87,899 | 81 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 14,33,974 | 13,47,371 | 94 |
| എസ് ഐ ഫിഷറീസ് | 2 | 1 | 5,34,000 | 2,22,853 | 42 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 6,65,000 | 5,86,260 | 88 |
| ആകെ | 136 | 114 | 5,27,40,594 | 3,89,56,370 | 74% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,727 | 3,93,279 | 3,97,006 | 3,97,006 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് -മെറ്റീരിയൽ ചെലവ് ഉൾപ്പെടെ | 0 | 1,37,98,029 | 1,37,98,029 | 13,798,029 | 0 |
| ആകെ | 3,727 | 1,41,91,308 | 1,41,95,035 | 1,41,95,035 | 0 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- തരിശു ഭൂമി കൃഷി യോഗ്യമാക്കൽ-നിർവ്വഹണത്തിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം 13 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ (ജെ എൽ ജി) തരിശു ഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തി എം എൻ ആർ ഇ ജി എസ് വഴി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജെഎൽ ജി | ചെലവ് |
|---|---|
| കുന്നനങ്ങാട് ഭാഗം 1 | 151256 |
| നിട്ടപുറം ഭാഗം1 | 224368 |
| ഒതയമ്മാടം ഭാഗം 1 | 126096 |
| കവിണിശ്ശേരി വയൽ ഭാഗം1 | 96792 |
| അമ്പലപ്പുറം ഭാഗം 1 | 212824 |
| കൊവ്വപ്പുറം ഭാഗം 1 | 300144 |
| മുണ്ടപ്പുറം ഭാഗം 1 | 340104 |
| പൂങ്കാവ് ഭാഗം 1 | 324712 |
| ഒതയമ്മാടം ഭാഗം 3 | 156288 |
| ഒതയമ്മാടം ഭാഗം 2 | 435120 |
| ഒതയമ്മാടം ഭാഗം 4 | 66896 |
| മൂട്ടിൽ ഭാഗം 1 | 284456 |

| | |
|---|---|
| ദാലിൽ ഭാഗം 1 | 133792 |

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.കരമടച്ച രശീതി പ്രകാരമുള്ള സ്ഥലവിസ്തൃതിയും എം ബുക്കിൽ രേഖപ്പെടുത്തിയ അളവും പൊരുത്തപ്പെടാത്തത്

പാട്ടകൃഷിക്കായി സ്ഥലം വിട്ടു നല്കിയവർ ഭൂനികുതി ഒടുക്കിയ രശീതിയിൽ രേഖപ്പെടുത്തിയ സർവ്വേ നമ്പറുകൾ പ്രകാരമുള്ള സ്ഥല വിസ്തൃതിയും എം ബുക്കിൽ അതേ സർവ്വേ നമ്പറിനു നേരെ രേഖപ്പെടുത്തിയ സ്ഥലവിസ്തൃതിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി , സർവ്വേ നമ്പർ 264/113 ൽ 3 ആർ 24 ച മീ ആണ് സ്ഥലവിസ്തൃതിയെങ്കിലും എം ബുക്ക് നമ്പർ 12/21-22 പേജ് 4 ൽ 580.56 ച മീ അളവിൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. സർവ്വേ നമ്പർ 230/11 ൽ 8 ആർ 70 ച മീ ആണ് സ്ഥല വിസ്തൃതി – എം ബുക്ക് നമ്പർ 12/21-22 പേജ് 4ൽ 1227.46 ച മീ അളവിൽ പ്രവൃത്തി ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/25.12.22 ന് നല്കിയ മറുപടിയിൽ സ്ഥലങ്ങൾ വെവ്വേറെ എടുക്കാതെ ഒരുമിച്ച് പ്രവൃത്തി ചെയ്തതിന്റെ അളവാണ് എം ബുക്കിൽ രേഖപ്പെടുത്തിയതിനാലാണ് ഇങ്ങനെ സംഭവിച്ചത് എന്നും ഇപ്പോൾ സർവ്വേ നമ്പർ പ്രകാരമുള്ള സ്ഥലത്തിനനുസരിച്ച് മാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതെന്നും അറിയിച്ചിട്ടുണ്ട്.സർവ്വേ നമ്പറിനൊപ്പം ഉടമസ്ഥരുടെ പേരും ഉൾപ്പെടുത്താവുന്നതാണ്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചതിനേക്കാൾ കൂടുതൽ ആനുകൂല്യം ലഭിക്കുന്നത്

സ.ഉ(സാധാ) 1009/2020 /തസ്വഭവ/ തീയതി 29.05.2020 നമ്പർ ഉത്തരവിൽ, പാട്ടകൃഷിയായി, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തി നടത്തുന്നതിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി നെൽകൃഷിക്ക് 35000രൂപയും പച്ചക്കറികൃഷിക്ക് 37000രൂപയുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം Surface Dressing And Levelling Of The Ground Including Removing Vegetation And Undulations Not Exceeding 0.15m Deep And Disposal Of Rubbish – Lead Upto 50 M And Lift Upto 1.5m എന്ന ഇനമാണ് തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി നടത്തിയിട്ടുള്ളത്. ആയതിന് അനുവദിച്ച നിരക്ക് 20.431/ച.മീ ആണ്. അതായത് ഹെക്ടറിന് (10000ച.മീ) 204310 രൂപ നിരക്ക്.ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന് ഈ രീതിയിൽ അധിക സബ്സിഡി ലഭ്യമാകുന്ന സാഹചര്യം പരിശോധിക്കപ്പെടേണ്ടതുണ്ട്.

3.ഇരട്ടിപ്പ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കൃഷി ഓഫീസർ നടപ്പിലാക്കുന്ന തരിശു ഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തിയിലും ജെ എൽ ജി കളുടെ തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി ആനുകൂല്യം നല്കിയിട്ടുണ്ട്. ഇരട്ടിപ്പ് ഉണ്ടായിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അതുപോലെ ഏതെങ്കിലും സ്കീമിൽ പെടുത്തി തരിശു ഭൂമിക്കുള്ള ആനുകൂല്യം കൈപ്പറ്റിയ ഭൂമി വീണ്ടും തരിശിടുന്നില്ല എന്നും തുടർന്നുള്ള വർഷങ്ങളിൽ ഇതേ ആനുകൂല്യം കൈപ്പറ്റുന്നില്ല എന്നും ഉറപ്പു വരുത്തേണ്ടതിലേക്കായി, വാർഡു തലത്തിൽ, ഗ്രാമപഞ്ചായത്തിലെ തരിശു ഭൂമി സംബന്ധിച്ചും നല്കിയ ആനുകൂല്യങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കേണ്ടതും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22,800 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 37,83,200 | 236 |
| വിധവാപെൻഷൻ | 97,22,800 | 622 |
| വാർദ്ധക്യകാലപെൻഷൻ | 2,08,02,100 | 1462 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 28,81,500 | 188 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 14,44,200 | 95 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ -വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുക പൂർണ്ണമല്ല

2020-21 സാമ്പത്തിക വർഷത്തെ കുടിശിക പെൻഷൻ 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്ത ഇതേ സാമ്പത്തിക വർഷത്തെ തുക മാത്രമാണ് ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ തരം | 2020-21 ലെ പെൻഷൻ വിതരണം | | | 2020-21 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത് |
|---|---|---|---|---|
| | As On 31.03.2021 | As On 31.03.22 | വ്യത്യാസം | |
| കർഷകതൊഴിലാളി പെൻഷൻ | 40,67,100 | 59,54,400 | 18,87,300 | 18,87,300 |
| വാർദ്ധക്യകാലപെൻഷൻ | 1,99,66,500 | 2,94,59,600 | 94,93,100 | 94,93,100 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 27,11,500 | 40,16,900 | 13,05,400 | 13,05,400 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 14,11,800 | 20,77,400 | 6,65,600 | 6,65,600 |
| വിധവാപെൻഷൻ | 93,12,400 | 1,36,27,100 | 43,14,700 | 43,14,700 |

അപാകം പരിഹരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായ തുക തന്നെയാണോ ഗ്രാമപഞ്ചായത്തിന്റെ ഡി ബി ടി എക്സ്പെന്റിച്ചർ റിപ്പോർട്ടിൽ വരുന്നത് എന്നും പരിശോധിക്കപ്പെടേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ ഓരോ ഇനത്തിലുമുള്ള ആവറേജ് പെൻഷൻ തുക പ്രതിമാസ പെൻഷൻ തുകയായ 1600രൂപയിലും കൂടുതൽ വരുന്നതും പരിശോധിക്കപ്പെടേണ്ടതുണ്ട്.

| ഇനം | ആകെ ട്രാൻസാക്ഷൻകൗണ്ട് | വിതരണം ചെയ്ത തുക | ആവറേജ് |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3007 | 5954400 | 1980 |
| വാർധക്യകാല പെൻഷൻ | 15252 | 29459600 | 1932 |
| ഭിന്നശേഷി പെൻഷൻ | 1977 | 4016900 | 2032 |
| അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1002 | 2077400 | 2073 |
| വിധവാ പെൻഷൻ | 6419 | 13627100 | 2122 |

## 1-7-2 മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടത്

2021-22 സാമ്പത്തിക വർഷത്തെ ഡെത്ത് റിപ്പോർട്ടുകളിൽ ലഭ്യമായ ആധാർ നമ്പറുകൾ ഉപയോഗപ്പെടുത്തി സേവന സോഫ്റ്റ് വെയറിലെ പെൻഷൻ തിരച്ചിൽ മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് ,പെൻഷൻ തരം | പെൻഷനർ ഐഡി | ആധാർ നമ്പർ | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം | റിമാർക്സ് |
|---|---|---|---|---|---|
| പത്മനാഭൻ പി വി, കർഷക പെൻഷൻ,ഏഴോം | 2220233340 | 714226165700 | 08.01.22 | 9/22 വരെ | |
| അബ്ദു റഹിമാൻ ടി കെ, വാർധക്യകാല പെൻഷൻ | 111090201300 | 995854717682 | 09.01.22 | 6/22 വരെ | |

| | | | | | |
|---|---|---|---|---|---|
| അടിയമ്പ്രോൻ കുഞ്ഞിരാമൻ,കർഷക പെൻഷൻ | 2220232787 | 673697421787 | 13.01.22 | 10/22 | ആക്ടീവ് |
| മാധവി പി വി, വാർധക്യകാല പെൻഷൻ , കണ്ണപുരം | 111110201083 | 236300617523 | 19.01.22 | 8/22 | |
| സത്യേന്ദ്രൻ പി , വാർധക്യകാല പെൻഷൻ, കൊളച്ചേരി | 111250201189 | 553993043039 | 24.01.22 | 11/22 | ആക്ടീവ് |
| അബ്ദുൾ ഖാദർ വി പി, വാർധക്യകാല പെൻഷൻ, മാടായി | 110990200351 | 855827680924 | 30.01.22 | 4/22 | |
| രവീന്ദ്രൻ പി , കർഷക പെൻഷൻ , കല്ല്യാശേരി | 2220233673 | 672968736275 | 01.02.22 | 10/22 | ആക്ടീവ് |
| രവീന്ദ്രൻ പി , വാർധക്യകാല പെൻഷൻ, കല്ല്യാശേരി | 111100202423 | 672968736275 | 01.02.22 | 6/22 | |
| പാഞ്ചാലി ഇ, കർഷക തൊഴിലാളി പെൻഷൻ | 111090100164 | 625462634650 | 01.02.22 | 8/22 | |
| ബാലൻ പി, വാർധക്യകാല പെൻഷൻ, പാപ്പിനിശേരി | 111120202012 | 451894035779 | 15.02.22 | 5/22 | |
| ഇബ്രാഹിംകുട്ടി ഇ കെ,വാർധക്യകാല പെൻഷൻ, മാടായി | 110990202390 | 437161923212 | 12.02.22 | 11/22 | ആക്ടീവ് |
| ഗോപാലൻ ടി പി, വാർധക്യകാല പെൻഷൻ | 111110202064 | 752954174483 | 21.02.22 | 5/22 | |
| രാജമ്മ വി കെ, അമ്പതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 111350500099 | 802775283225 | 23.02.22 | 4/22 | |
| ലെസ്ലി വില്യം ഒ പി, വാർധക്യകാല പെൻഷൻ, കണ്ണപുരം | 111110200541 | 691481379292 | 10.03.22 | 4/22 | |
| മൊയ്തു എം,ഭിന്നശേഷി പെൻഷൻ | 111090400113 | 417752918529 | 9.02.22 | 11/22 | ആക്ടീവ് |

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ വിവരം പരിശോധിച്ച്, അനർഹമായി മരണശേഷം പെൻഷൻ അനുവദിക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും അധികം നല്കിയ തുക ഡി ബി ടി അക്കൗണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.22 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 3.40 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,761 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.
തനത് വരുമാനം
ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കാൻ ഭരണസമിതിയോട് ശുപാർശ ചെയ്യാനും 15.01.2021 തീയതിയിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം തീരുമാനമെടുത്തിരുന്നു. അതുപോലെ , 09.09.2021 തീയതിയിലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 240/21 ലെ തീരുമാനം താഴെ പറയും പ്രകാരമാണ്.

സാമ്പത്തിക സ്ഥിതിയിൽ പിന്നോക്കം നിൽക്കുന്ന ചെറുകുന്ന് ഗ്രാമപഞ്ചായത്തിൻറെ 2020-21 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 13,87,861/- ബാദ്ധ്യതയാണ്. 13 വാർഡുകൾ മാത്രം ഉൾക്കൊള്ളുന്ന പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശങ്ങളും വെറ്റ് ലാൻഡ് , സി ആർ സെഡ് വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ വരുമാന വർദ്ധനവിനുതകുന്ന രീതിയിലുള്ള നിർമ്മാണ പ്രവൃത്തികൾക്കും മറ്റും അനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത് . 2020-21 വർഷം ജനറൽ പർപ്പസ് ഫണ്ട്, , റവന്യൂ കലക്ഷൻ ഇൻസെൻറീവ് ബോണസ്, ഗ്യാപ്പ് ഫണ്ട് എന്നീ ഇനങ്ങളിലായി 88,05,476/- രൂപ സർക്കാരിൽ നിന്നും ലഭ്യമാക്കിയതു കൊണ്ടു കൂടിയാണ് ദൈനംദിന ചെലവുകൾ നടത്താൻ സാധിച്ചിട്ടുള്ളത്. തനത് ഫണ്ടിൻറെ കുറവ് മൂലം പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ ഫണ്ടുകളെ മാത്രം ആശ്രയിച്ച് മുന്നോട്ടു കൊണ്ടു പോകേണ്ട സ്ഥിതിയാണുള്ളത്. സാമ്പത്തികസ്ഥിതിയിലുള്ള കുറവ് പഞ്ചായത്തിൻറെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.
ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയില്ലായ്മയിലേക്കാണ് ഈ തീരുമാനങ്ങൾ വിരൽ ചൂണ്ടുന്നത്.
കൂട്ടിച്ചേർക്കലുകൾക്കായി പെർമ്മിറ്റ് എടുത്ത് പൂർത്തീകരണം റിപ്പോർട്ട് ചെയ്യാത്തതും അതുപോലെ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ ഫീൽഡ് തല പരിശോധനയിലൂടെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കാവുന്നതും തനതു വരുമാനം വർധിപ്പിക്കാവുന്നതുമാണ്.
അതുപോലെ വരുമാന വർധനവിനുതകുന്ന മറ്റ് പരമ്പരാഗത സ്രോതസ്സുകളും കണ്ടെത്താവുന്നതും പുനരുജ്ജീവിപ്പിക്കാവുന്നതുമാണ്.

## 1-10 ഗ്രാമസഭ

ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 2022 ജനുവരി,ഫിബ്രവരി മാസങ്ങളിലായി ഒരു തവണ വീതമാണ് ഗ്രാമസഭകൾ സമ്മേളിച്ചത്.
2021-22 വാർഷിക പദ്ധതി അവലോകനം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപപദ്ധതി രൂപീകരണം , 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക സാധൂകരിക്കൽ , പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ ലേബർ ബജറ്റ് അംഗീകരിക്കൽ, അതിദാരിദ്ര്യ സർവ്വേ – പട്ടിക അംഗീകരിക്കൽ, 2019-20 ഓഡിറ്റ് റിപ്പോർട്ട് ചർച്ച എന്നിവയാണ് എല്ലാ ഗ്രാമസഭകളിലേയും പ്രധാന അജണ്ടകൾ.
ഗ്രാമസഭാ മിനുട്സ് അതാത് ഗ്രാമസഭകളിൽ പങ്കെടുത്തതിൽ പതിനഞ്ചു പേരെങ്കിലും സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015, സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 20-9-2020 എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ ,ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ,റസിഡൻഷ്യൽ ഹോം സ്റ്റേ എന്നീ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ കാര്യം സംബന്ധിച്ച് 30.12.22 ന് നൽകിയ 31-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി യോഗത്തിൽ പഞ്ചായത്തിന് ബാധകമാകുന്ന നികുതി നിരക്ക് നിശ്ചയിച്ച് ആയത് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്.

## 1-12 വിമുക്തഭടൻമാരുടെ വാസഗൃഹങ്ങൾക്കുള്ള വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2021-22 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 2/16 | കാളിയത്ത് പത്മാവതി |
| 2 | 2/83 | വാഴവീട്ടിൽ യശോദ |
| 3 | 2/169 | പലേരി ദാമോദരൻ |
| 4 | 4/89 | സുപ്രിയ റാണി |
| 5 | 4/188 | അറുകണ്ടത്തിൽ ഗംഗാധരൻ |
| 6 | 4/253 | മൊറാഴക്കാരൻ ഗോപാലൻ |
| 7 | 4/361 | തോട്ടത്തിൽ ചന്ദ്രൻ |
| 8 | 5/197 | പാറയിൽ റോഷ്നി |
| 9 | 8/291 | മാവിങ്കൽ വീട്ടിൽ കോമളവല്ലി |
| 10 | 8/295 | ശാന്തകുമാരി |
| 11 | 8/298 | വിജയലക്ഷ്മി |
| 12 | 9/392 | ടി.സി ഗൗരിയമ്മ |
| 13 | 9/393 | ചാത്തോത്ത് ജാനകിയമ്മ |
| 14 | 9/414 | സി.പി സാവിത്രി |
| 15 | 12/89 | രമണി ഉണ്ണികൃഷ്ണൻ |
| 16 | 13/35 | പാലക്ക വളപ്പിൽ കൃഷ്ണൻ |
| 17 | 13/103 | വെള്ളത്തേരി മാധവി |

സാക്ഷ്യപത്രം ഹാജരാക്കാതെ നികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച് 30.12.22 ന് നൽകിയ 30-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രം ഹാജരാക്കാതെ നികുതി ഇളവ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അനർഹരെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 1-13 സർക്കാർ നിർദ്ദേശം വരുന്നതിന് മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചു

ജി.ഒ.(പി) നമ്പർ 152/2020/ഫിൻ തീയതി 05-11-2020 പ്രകാരം ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 വരെ അനുവദിക്കുകയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 തീയതി മുതൽ പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് , ഉദ്യോഗപ്പേര് | വൗച്ചർനമ്പർ/തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ചന്ദ്രൻ എം.വി, സെക്രട്ടറി | 22100147/07.06.2021 | 81,696 |
| 2 | നിഷ കെ.പി , അസി.സെക്രട്ടറി | 22100135/02.06.2021 | 59,829 |
| 3 | ഷൈനി സി.സി , അക്കൗണ്ടന്റ് | 22100135/02.06.2021 | 53,058 |
| 4 | ജിഗേഷ് നായനാർ കെ , സീനിയർ ക്ലർക്ക് | 22100135/02.06.2021 | 48,174 |
| 5 | മോറിസ് മനോജ് കെ , ക്ലർക്ക് | 22100135/02.06.2021 | 41,514 |
| 6 | സുമേഷ് ഇ.കെ, ക്ലർക്ക് | 22100135/02.06.2021 | 30,304 |

ഇത് സംബന്ധിച്ച് 29.12.22 ന് നൽകിയ 20ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 പ്രകാരം ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 വരെ അനുവദിക്കുകയില്ല എന്നാണ് പരാമർശിച്ചതെന്നും ആയതിനാലാണ് 2.6.21-നും 7.6.21-നും ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചതെന്നുമാണ് അറിയിച്ചത്. സർക്കാരിൽ നിന്നുള്ള പുതുക്കിയ നിർദ്ദേശങ്ങൾ ലഭ്യമാകുന്നതിന് മുമ്പ് ആനുകൂല്യം അനുവദിച്ചത് ശരിയല്ല.

## 1-14 ലൈബ്രറി സെസ് ഒടുക്കുന്നതിലെ കാല താമസം ഒഴിവാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ /29-12-2000) 2020-21 വർഷത്തെ വരവ് തുക ഒടുക്കുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വൗച്ചർ നമ്പർ/ തീയ്യതി/തുക – 22100271/19.01.22/₹101933

ചെക്ക് നം. – 5742655/19.01.22

ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം സംഭവിച്ചതിന് വിശദീകരണം അറിയിക്കേണ്ടതിന് 29.12.22 ന് നൽകിയ 21ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുടർന്നുള്ള വർഷങ്ങളിൽ സമയ പരിധി പാലിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര് – ഐ .കെ. എം – ന് തുക നൽകൽ

പ്രോജക്ട് നമ്പർ – 4/22

അടങ്കൽ – വികസനഫണ്ട് – ₹47265

ചെലവ്- ബിൽ നം. /തീയതി /തുക (A.C.R) – 5/16.5.21/₹47265

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് വിഹിതമായി 47265 രൂപ ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിലേക്ക് (57047023512) നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 29.12.22 ന് നൽകിയ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്നതിന് ഐ.കെ.എം – ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 വി.ഇ.ഒ ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും-Tax Invoice ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ,ചെറുകുന്ന്. |
| പ്രൊജക്ട് നം. | 173/22 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | വി.ഇ.ഒ ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും |
| അടങ്കൽ ₹53000 | ₹1000 (തനത് ഫണ്ട് )<br>₹52000 (മെയിന്റനൻസ് ഫണ്ട് റോഡിതരം. ) |
| ചെലവ് ₹52597 | ₹597 (തനത് ഫണ്ട് )<br>₹52000 (മെയിന്റനൻസ് ഫണ്ട് റോഡിതരം. ) |
| ബിൽനം/വൗച്ചർനം/ തീയ്യതി / തുക | 22100524/27.3.2022/₹597.<br>2119015203710142722O/23.3.2022/₹12203.<br>21190152037101320386/14.3.2022/₹39797. |

മേൽ പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ വാങ്ങിക്കുന്നതിനുവേണ്ടി 14.3.2022-ലെ ബിൽ നം.21190152037101320386-ൽ നിന്ന് 39797 രൂപ, 22.2.2022-ലെ Proforma Invoice No.TVM/ITBG/PI/RC/35466/20-21-പ്രകാരം കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ Tax Invoice ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/2021-22/ 27.12.2022) നൽകിയ മറുപടിയിൽ Tax Invoice ലഭ്യമാക്കുവാൻ കെൽട്രോണിൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. Tax Invoice ലഭ്യമാക്കാത്തതിനാൽ വാങ്ങിച്ച കമ്പ്യൂട്ടറിന്റെ വിലയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. Tax Invoice പ്രകാരമുള്ള തുക അനുവദിച്ച തുകയേക്കാൾ കുറവാണെങ്കിൽ ആയത് ക്രമീകരിച്ചതിന്റെ വിവരവും ഹാജരാക്കേണ്ടതാണ്. മുകളിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 ടെണ്ടർ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | വി.ഇ.ഒ. , ചെറുകുന്ന്. |
| പ്രൊജക്ട് നം. | 117/22 |
| പ്രൊജക്ടിന്റെ പേര് | പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം(നിർമ്മാണ പ്രവൃത്തികൾ ഒഴികെ)സ്പിൽ ഓവർ. |
| അടങ്കൽ | ₹345000.(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് ₹260690 | വൗച്ചർ നം/തീയ്യതി/തുക<br>22100403/25.2.2022/₹253976.<br>22100409/28.2.2022/₹2238.<br>22100407/28.2.2022/₹4476. |

(എ)ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ S.M.C.F. സ്ഥാപിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. ഇതിനായി ടെണ്ടർ വിളിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ FIDCO ENTERPRISES KOZHIKODE എന്ന സ്ഥാപനത്തിന്റെ മാനേജർ ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് വി.ഇ.ഒ -യ്ക്ക് 5.5.2021-ന് അയച്ച കത്തിൽ സാധനം വിതരണം നടത്താൻ സാധിക്കുകയില്ല എന്നറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

(ബി)പ്രസ്തുത സ്ഥാപനം ടെണ്ടറിൽ താൽപര്യമില്ല എന്നറിയിച്ചതിനാൽ 14.05.2021-ലെ 10/121/21 നമ്പർ ഭരണസമിതി തീരുമാന പ്രകാരം രണ്ടാമത്തെ കുറഞ്ഞ തുക രേഖപ്പെടുത്തിയ സദാശിവൻ .സി.പി.(P.W.D CONTRACTOR) കണ്ണൂർ എന്ന വ്യക്തിയിൽ നിന്ന് സാധനങ്ങൾ വാങ്ങിയപ്പോൾ നെഗോസിയേഷൻ നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

(സി) പദ്ധതിയുടെ ഭാഗമായി കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനം സാധനം വിതരണം ചെയ്യാൻ തയ്യാറാകാത്ത അവസരത്തിൽ റീടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്.(നം.14/2021-22/ 28.12.2022)നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത തുകയുടെ അന്തരം കുറവായതുകൊണ്ടാണ് നെഗോസിയേഷൻ നടത്താതിരുന്നതെന്നും, റീടെണ്ടർ നടത്തിയാൽ പരസ്യം നൽകുന്നതിന് മാത്രം ഇതിൽ കൂടുതൽ തുക ചെലവാകുമെന്നും,പദ്ധതി പ്രകാരമുള്ള തുക പ്രസ്തുത സാമ്പത്തിക വർഷം ചെലവഴിക്കാൻ സാധിക്കാതെ വരുമെന്നതിനാലുമാണ് ഇപ്രകാരം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 കൃഷി ഭവന് പ്രിന്റർ വാങ്ങൽ-₹12953 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നം. | 24/22 |
| പ്രൊജക്ടിന്റെ പേര് | കൃഷി ഭവന് പ്രിന്റർ വാങ്ങൽ. |
| അടങ്കൽ | ₹12953 (മെയിന്റനൻസ് ഫണ്ട് റോഡിതരം. ) |
| ചെലവ് | ₹12953 (മെയിന്റനൻസ് ഫണ്ട് റോഡിതരം. ) |
| ചെലവ് ബിൽ നം//തീയ്യതി/തുക | 21190152031000681706/22.11.2021/₹12953. |

(എ) മേൽ പദ്ധതിയുടെ ഭാഗമായി വാങ്ങിച്ച പ്രിന്റർ സ്റ്റോക്കിലെടുത്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

(ബി)പദ്ധതിയുടെ ഭാഗമായി പ്രിന്റർ വാങ്ങിക്കുന്നതിനുവേണ്ടി 22.11.2021-ലെ ബിൽ നം.21190152031000681706 -ൽ നിന്ന് 12953 രൂപ, 29.10.2021-ലെ Proforma Invoice No.TVM/ITBG/PI/RC/31586/20-21-പ്രകാരം കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്.ആയതിന്റെ Tax Invoice ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്. (നം.18/2021-22/29.12.2022) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 12953 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 കുടുംബശ്രീ മുഖാന്തിരം ഇടവിള കൃഷി-മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല - 456700 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നം. | 21/22 |
| പ്രൊജക്ടിന്റെ പേര് | കുടുംബശ്രീ മുഖാന്തിരം ഇടവിള കൃഷി |
| അടങ്കൽ | ₹ 456700 (വികസന ഫണ്ട് ) |
| ചെലവ് | ₹ 456700 |
| ബിൽ നം/വൗച്ചർനം/തീയ്യതി/തുക | 21190152031001351154/17.3.2022/₹132090.<br>21190152031001351167/17.3.2022/₹1610.<br>21190152031000681696/22.11.2021/₹170000.<br>21190152031000889322/5.1.2022/₹153000. |

(എ)സ ഉ(കൈ) നം 22/2018/തസ്വഭവ-തീയതി 14.02.18 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗേരേഖ ഖണ്ഡിക 6.1.18 ലാണ് ഇടവിള കൃഷി സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.ആയതിൽ കുടുംബശ്രീ ഗ്രൂപ്പുകളുടെ കാര്യം പരാമർശിച്ചിട്ടില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിൽ ചെലവ് നടത്തിയത് ശരിയല്ല.
(ബി) പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ച മുഴുവൻ ഗുണഭോക്താക്കളും ഭൂമിയുടെ വിസ്തീർണ്ണം തെളിയിക്കുന്നതിന് ഹാജരാക്കിയ നികുതി രസീതിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/2021-22/30.12.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി 170 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ഇടവിള കൃഷിക്കായി 11335 വാഴക്കന്നുകൾ,3145 കിലോഗ്രാം മഞ്ഞൾ വിത്ത്,6 ഇനത്തിലുള്ള 51000 പച്ചക്കറി തൈകൾ ഇവ വാങ്ങി വിതരണം നടത്തിയതിന് ചെലവായ തുകയാണ് 456700രൂപ.
മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവു ചെയ്തതിനാലും രേഖകൾ ഹാജരാക്കാത്തതിനാലും 456700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 തരിശുവയൽ കൃഷിയോഗ്യമാക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്റ്റ് നം.,പേര് | 16/22,തരിശുവയൽ കൃഷിയോഗ്യമാക്കൽ. |
| അടങ്കൽ<br>₹1,13,480 | ₹ 71,690 വികസന ഫണ്ട്<br>₹ 41,790 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ്<br>₹113480 | ₹ 71690 വികസന ഫണ്ട്<br>₹ 41790 ജില്ലാ പഞ്ചായത്ത് വിഹിതം |
| ബിൽ നം/വൗച്ചർനം/തീയ്യതി/തുക | 21190152031000221656/19.7.2021/ ₹29900<br>21190152031000658428/22.10.2021/₹41790.<br>22100379/23.2.2022/₹41790. |

(എ)മേൽ പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

(ബി)മുകളിൽ പരാമർശിച്ച 22.10.2021-ലെ ബിൽ.നം 21190152031000658428-ൽ ഉൾപ്പെട്ട 41790രൂപയും,23.02.2022-ലെ വൗച്ചർ നം.22100379-ൽ ഉൾപ്പെട്ട 41790രൂപയും ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് തരിശുവയൽ കൃഷിയോഗ്യമാക്കുവാൻ അനുവദിച്ചപ്പോൾ , കൃഷിചെയ്ത ഭൂമിയുടെ വിസ്തീർണ്ണം തെളിയിക്കുന്നതിന് ഹാജരാക്കിയ നികുതി രസീതിന്റെ പകർപ്പ്, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് ഹാജരാക്കിയ നികുതി രസീതിന്റെ പകർപ്പ്, അനുവദിക്കുന്ന തുകയുടെ ഇരട്ടിപ്പ് വരാതിരിക്കാൻ, പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ വിവരം ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക ₹/തുക ഉൾപ്പെടുന്ന ബിൽ നം/ വൗച്ചർ നം / തീയ്യതി/തുക | തുക അനുവദിച്ച അക്കൗണ്ട് നമ്പർ. |
|---|---|---|---|
| 1 | MADHAVI.P | ₹7000<br>21190152031000658428/22.10.2021<br>/₹41790.<br>₹7000<br>22100379/23.2.2022/₹41790. | 0730101047407 |
| 2 | JYOTHI.P.K | ₹4200<br>21190152031000658428/22.10.2021<br>/₹41790.<br>₹4200<br>22100379/23.2.2022/₹41790. | 42192210033411 |
| 3 | SAJEEV.K.V | ₹2590<br>21190152031000658428/22.10.2021<br>/₹41790.<br>₹2590<br>22100379/23.2.2022/₹41790. | 67244639316 |
| 4 | MANDARAM JLG | ₹7000<br>21190152031000658428/22.10.2021<br>/₹41790.<br>₹7000<br>22100379/23.2.2022/₹41790. | 0730101045735 |
| 5 | HARISREE JLG | ₹10500<br>21190152031000658428/22.10.2021<br>/₹41790. | 0730101048795 |

| | | | |
|---|---|---|---|
| | | ₹10500<br>22100379/23.2.2022/₹41790. | |
| 6 | PONKATHIR JLG | ₹3500<br>21190152031000658428/22.10.2021<br>/₹41790.<br>₹3500<br>22100379/23.2.2022/₹41790. | 0730101048831 |
| 7 | DEVA NANDA JLG | ₹7000<br>21190152031000658428/22.10.2021<br>/₹41790.<br>₹7000<br>22100379/23.2.2022/₹41790. | 0730101049885 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27/2021-22/30.12.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

മുകളിൽ പരാമർശിച്ചിട്ടുള്ള ആനുകൂല്യം അനുവദിച്ചിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചപ്പോൾ തരിശു കൃഷിക്കായി നിലം ഒരുക്കുന്നതിനു വേണ്ടി ഹാജരാക്കിയ നികുതി രസീതിന്റെ പകർപ്പും,തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് ഹാജരാക്കിയ നികുതി രസീതിന്റെ പകർപ്പും ഒന്നു തന്നെയാണ്.ഉദാഹരണമായി PONKATHIR JLG ഹാജരാക്കിയ സർവ്വേ നമ്പറിൽ (സർവ്വേ നം.277/1A,200/1A, 214/1B,262/4,265/8,265/9,269/1A) ഉൾപ്പെട്ട സ്ഥലം തന്നെയാണ് തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ ആനുകൂല്യം അനുവദിച്ച മുഴുവൻ പേരുടെയും അപേക്ഷകൾ പരിശോധിച്ച് തുക അനുവദിച്ചതിൽ ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അധികം അനുവദിച്ച തുക തിരിച്ച് പിടിക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-21 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കിയതും മറ്റ് അപാകങ്ങളും

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീരവികസന ഓഫീസർ |
| പ്രോജക്ട് | 81/22, ക്ഷീര സംഘം മുഖേന കാലിത്തീറ്റ വിതരണം |
| അടങ്കൽ | ₹200000-വികസന ഫണ്ട് ,ജനറൽ |
| ചെലവ് ₹199260 | 1/21-22,27.12.21 ₹106920<br>4/21-22,21.01.22 ₹92340 |

ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ഒരു കറവപ്പശുവിന് മാസം പരമാവധി 100കി ഗ്രാം കാലിത്തീറ്റ വീതം (50% സബ്സിഡി നിരക്കിൽ) വിതരണം ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.കണ്ണപുരം ക്ഷീരവ്യവസായ സഹകരണ സംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയത്. കേരള ഫീഡ്സിന്റെ മിടുക്കി ബ്രാന്റ് കാലിത്തീറ്റയാണ് വിതരണം ചെയ്തത്.സംഘം കാലീത്തീറ്റ വാങ്ങിയതുമായി ബന്ധപ്പെട്ട ബിൽ പരിശോധിച്ചപ്പോൾ കിലോഗ്രാമിന് 23.15 രൂപ നിരക്കിലാണ് കാലിത്തീറ്റ വാങ്ങിയത് എന്ന് വ്യക്തമാകുന്നു. എന്നാൽ കർഷകർക്ക് കാലിത്തീറ്റ നല്കിയത് കിലോഗ്രാമിന് 24.30 രൂപ നിരക്കിലാണ്. (100കിലോഗ്രാമിന്റെ വില 2430രൂപ , സബ്സിഡി – 50% 1215രൂപ).

2.മറിയ യു ജെ , ജയകൃഷ്ണൻ പി ഒ എന്നീ വ്യക്തികൾ ഗ്രാമസഭ സാധൂകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കിയത് ശരിയല്ല. പ്രസ്തുത ഗുണഭോക്താക്കൾ ക്ഷീരസംഘത്തിൽ പാലളന്നതുമായി ബന്ധപ്പെട്ട രേഖകളും തുടർന്നുള്ള ഗ്രാമസഭയിൽ വച്ച് സാധൂകരിച്ചിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണ്.

3.വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/28.12.22 ന് നല്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 ബെയിലിംഗ് മെഷീനും വെയിംഗ് മെഷീനും സ്ഥാപിക്കൽ- പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര് | 146/22 MCF ൽ ബെയിലിംഗ് മെഷീനും വെയിംഗ് മെഷീനും സ്ഥാപിക്കൽ |
| അടങ്കൽ ₹6,50,420 | ₹35,420(വികസന ഫണ്ട് പൊതുവിഭാഗം)<br>₹6,15,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് ₹ 557420 | ബിൽ നമ്പർ/ തീയ്യതി<br>171/31.03.22-₹9950<br>269/23.03.22- ₹547470 |
| പ്രവൃത്തി നടപ്പിലാക്കിയ സ്ഥാപനം | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |

പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നസ്ഥാപനവുമായി ഉണ്ടാക്കിയ കരാർ പ്രകാരം 4.3.22 ന് ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ₹547470 (₹463958+₹83512GST) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. യന്ത്രം പ്രവർത്തന സജ്ജമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/30.12.22) ഹാജരാക്കിയ മറുപടിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിലുണ്ടായ കാലതാമസമാണ് പ്രവർത്തനം ആരംഭിക്കാത്തതിന് തടസ്സമായത് എന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ പ്രകാരം വിതരണം ചെയ്ത തിയ്യതി മുതൽ 1 വർഷത്തേക്കാണ് വാറന്റി കാലയളവ് എന്നിരിക്കെ 04.03.22ന് സ്ഥാപിച്ച യന്ത്രം ഇതേവരെ പ്രവർത്തന സജ്ജമാക്കാത്തതിനാൽ വാറന്റി കാലയളവിൽ സ്ഥാപനത്തിൽ നിന്ന് ലഭ്യമാകേണ്ട സേവനം ലഭിക്കാതെ വരുന്നതിന് കാരണമാകുന്നു. ആയതിനാൽ പദ്ധതി പൂർത്തീകരിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ച് യന്ത്രം പ്രവർത്തന സജ്ജമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 സമഗ്ര വിദ്യാഭ്യാസ പരിപാടി- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ₹37399 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, GLPS, ചെറുകുന്ന് നോർത്ത് |
| പ്രോജക്ടിന്റെ നമ്പരും പേരും | 73/22 , സമഗ്ര വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | ₹50,000(തനത് ഫണ്ട്) |
| ചെലവ്/വൗച്ചർ നം/തിയ്യതി | ₹37,399 22100539/30.03.22 |

ഓഡിറ്റ് റിക്വിസിഷൻ നമ്പർ C5/21-22 തീയതി 22.12.22 പ്രകാരം മുഴുവൻ ചെലവു രേഖകളും 26.12.22 തീയതിക്കകം ഹാജരാക്കാൻ നിർദ്ദേശം നല്കിയിരുന്നു. 29.12.22 തീയതിയിൽ മറ്റ് പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയെങ്കിലും , ഓഡിറ്റ് അവസാനിക്കുന്ന തീയതിയായ 30.12.22 വരെയും സമഗ്ര വിദ്യാഭ്യാസ പരിപാടി എന്ന പ്രൊജക്ടിന്റെ ഭാഗമായുള്ള ചെലവു രേഖകളും പ്രൊജക്ട് റിപ്പോർട്ട് മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇതിനെ തുടർന്ന് ഓഡിറ്റ് എൻക്വയറി (25/30.03.22) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ₹37399 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 പട്ടിക ജാതി വിദ്യർത്ഥികൾക്ക് ഫർണിച്ചർ-രേഖകൾ ഹാജരാക്കിയില്ല. ₹150500തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, GLPS, ചെറുകുന്ന് നോർത്ത് |
| പ്രോജക്ടിന്റെ നമ്പരും പേരും | 78/22 പട്ടിക ജാതി വിദ്യർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ ₹1,75,000 | ₹147680(എസ് സി പി), ₹27320(തനത് ഫണ്ട്) |

| | |
|---|---|
| ചെലവ്/ബിൽ നം/തിയ്യതി | ₹147680 /02 /03.02.22<br>₹2820/22100330/08.02.22 |

പ്രൊജക്ടിന്റെ ഭാഗമായി FIDCO Enterprises , ഒളവണ്ണ , കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയിസ് നം. FE/21-22/205/29.11.2021) ₹150500 ചെലവഴിച്ച് 35 വീതം സ്റ്റീൽ മേശയും കസേരയും വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ, ഫർണിച്ചറുകൾ കൈപ്പറ്റിയവർ പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികളാണെന്ന് വ്യക്തമാക്കുന്ന രേഖകൾ, വകുപ്പിൽ നിന്ന് ആനുകൂല്യം അനുവദിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന രേഖകൾ എന്നിവ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/30.03.22) മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ ₹150500തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ആയുർവേദ ആശുപത്രി ഫാർമസി നവീകരണം- രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ടിന്റെ നമ്പരും പേരും | 149/22, ആയുർവേദ ആശുപത്രി ഫാർമസി നവീകരണം |
| അടങ്കൽ | ₹1,97,222(സംരക്ഷണ ഗ്രാന്റ് -റോഡിതരം) |
| ചെലവ്/ബിൽ നം/തിയ്യതി | ₹ 1,97,222/2/28.12.2021 |

പ്രൊജക്ടിന്റെ ഭാഗമായി ഫാർമസി നവീകരിക്കുന്നതിലേക്കായി റബ്കോ മുഖേന ഇൻവോയിസ് നം RHW/21-22 /173/22.11.21 പ്രകാരം 7.90ച മീ, 1.30ച മീ, 1.50 ച മീ എന്നീ അളവുകളിൽ ഷെൽഫുകൾ സ്ഥാപിക്കുന്നതിനായി ₹ 1,97,222 ചെലവഴിച്ചിട്ടുണ്ട്. ഇൻവോയിസിൽ As Per Drawing എന്ന് രേഖപ്പെടുത്തിയ പ്രവൃത്തികൾ ആയത് പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അളന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകളും ആയതിന്റെ ഡ്രോയിംഗും പരിശോധനക്കായി ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(24/30.03.22) മറുപടി ഹാജരാക്കിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ച രേഖകളും പദ്ധതി വിഭാവനം ചെയ്ത പ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്ട് നം. & പേര് | 42/2022, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി |
| അടങ്കൽ ₹5,00,000 | ₹2,50,000(വികസന ഫണ്ട്)<br>₹2,50,000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹2,50,000(വികസന ഫണ്ട്- ബിൽ നമ്പർ 04/16.10.21 )<br>₹2,50,000(ഗുണഭോക്തൃ വിഹിതം-നേരിട്ട്) |

മേൽ പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 2,50,000രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ ,കണ്ണൂരിന്റെ അക്കൗണ്ട് നമ്പറിലേക്ക് (719011400000003) -അനുവദിച്ചിട്ടുണ്ട്. പദ്ധതി നിലവിൽ പൂർത്തിയായിട്ടില്ല.പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | 22.12.22 | കെ.എസ്.എ/കെ.എൻ.ആർ/സി.16 /1772/2022 തീയതി: 10.03.2023 |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്, നമ്പർ | ചെലവ് |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2021-22 | 42,000 | ക്ഷീരകർഷകർക്ക് പാലിന് അധികവില നൽകൽ – 69/22 | 42,000 |
| | 2021-22 | 6,80,000 | നെൽകൃഷിക്ക് വിത്ത്, കൂലിചെലവ് –13/22 | 6,80,000 |
| | 2021-22 | 20,000 | തരിശുനിലത്ത് പച്ചക്കറിക്കൃഷി– 22/22 | 20,000 |
| | 2021-22 | 1,83,700 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – 54/22 | 1,83,700 |
| | 2021-22 | 2,61,995 | സാന്ത്വന പരിചരണം –58/22 | 2,61,995 |
| | 2021-22 | 41,790 | തരിശ് നിലം കൃഷി യോഗ്യമാക്കൽ,16/22 | 41,790 |
| | 2021-22 | 31,048 | ബയോഫ്ലോക് 79/22 | 31,048 |
| | 2021-22 | 75,000 | വീട് റിപ്പയർ (ആശ്രയ),27/22 | 75,000 |
| | 2018-19(50000രൂ ലഭിച്ചതിൽ 17910രൂ മുൻവർഷങ്ങളിൽ ചെലവഴിച്ചു) | 32,090 | ക്യാൻസർ പ്രതിരോധവും നിയന്ത്രണവും, 61/22 | 32,090 |
| ആകെ | | ₹13,67,623 | ആകെ | ₹13,67,623 |

| | | | | |
|---|---|---|---|---|
| കല്ല്യാശേരി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,25,000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ-69/22 | 2,25,000 |
| | 2021-22 | 2,01,100 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – 54/22 | 2,01,100 |
| | 2021-22 | 2,00,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് –127/22 | 2,00,000 |
| | 2019-20 സാമ്പത്തിക വർഷം ലഭിച്ച 20 ലക്ഷം രൂപയിൽ ബാക്കിയുള്ള 1240000രൂപ | 12,40,000 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി,119/22 | 12,40,000 |
| ആകെ | | ₹18,66,100 | ആകെ | ₹18,66,100 |

സാന്ത്വന പരിചരണ പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം ലഭിച്ച 3 ലക്ഷം രൂപയിൽ 17267രൂപയും 2012-13 സാമ്പത്തിക വർഷം ഭവന പുനരുദ്ധാരണത്തിനായി ലഭിച്ച 45000രൂപയും സാന്ത്വന പരിചരണത്തിനായി 2014-15 സാമ്പത്തിക വർഷം ലഭിച്ച 124800രൂപയിൽ 79708 രൂപയും 2015-16 സാമ്പത്തിക വർഷം സ്കോളർഷിപ്പ് വിതരണത്തിനായി ലഭിച്ച 112500രൂപയിൽ 550 രൂപയും ഉൾപ്പെടെ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 142525രൂപയും പാടിയിൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷം ലഭിച്ച 5ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷം ഭവന പുനരുദ്ധാരണത്തിനായി (എസ് സി) ലഭിച്ച 1ലക്ഷം രൂപയിൽ 66091രൂപയും 2013-14 സാമ്പത്തിക വർഷം ഭിന്നശേഷി സ്കോളർഷിപ്പ് വിതരണത്തിനായി ലഭിച്ച 120000രൂപയിൽ 1600രൂപയും 2013-14 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിനായി ലഭിച്ച 675000രൂപയും ഉൾപ്പെടെ 1242691 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലും നീക്കിയിരിപ്പുണ്ട്. ആയതിൽ വിനിയോഗിക്കാൻ സാധിക്കാത്ത തുക സർക്കാർ നിർദ്ദേശാനുസരണം തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

RP-7, RP-30 ഷെഡ്യൂളുകളിൽ ചേർത്ത ജില്ലാ/ബ്ലോക്ക് പഞ്ചായത്തു ഷെയറുകൾ യഥാക്രമം 2302338 രൂപയും 775000 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. (₹966805, ₹148900)

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ , വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ, കെയുആർഡിഎഫ് സി- ലൈഫ് ഭവന നിർമ്മാണപദ്ധതി | ലഭ്യമല്ല | 19,80,000 | 13,34,666 | 3,66,667 | | 9,67,999 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല. 30000 രൂപയുടെ ഷെയർസർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ മൂല്യം | 30000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 30000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ മൂല്യം | 30000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 195, തീയതി 18.10.2014 ബി ക്ലാസ് ഷെയർ | 20000 |
| 2 | കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ലിമിറ്റഡ് | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 2621 തീയതി 09.09.2019 | 5000 |
| 3 | കണ്ണൂർ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 42 , തീയതി 14.07.2015 ക്ലാസ് ഡി | 5000 |
| ആകെ | | | ₹30000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 51,500 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-10 | 51,500 | എക്സിക്യൂട്ടീവ് ഓഫീസർ,ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രം | 1210103504/27.01.2022 |
| ആകെ | | 51,500 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| | | 2013-14 പ്രവർത്തനാ | 5.1.5.8 | മഴവെള്ള സംഭരണികൾ പരാജയമായി | നിയമ സഭാ |

| | | | | | |
|---|---|---|---|---|---|
| | | വലോകനം | | | സമിതി യുടെ പരിഗണ നയിൽ |
| | | ---ടി--- | 5.1.5.11 | നൂതന ആശയമായ ഒതയമ്മാടം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പരാജയമായി | ---ടി--- |
| | | – --ടി-- | 5.1.5.13 | കുടിവെള്ള പദ്ധതികളുടെ നിർവഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല. | ---ടി--- |
| | | --ടി-- | 5.1.5.2 | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരമായി | --ടി-- |
| 2014-15 | 2-2, 2-3 | 2016-17 | 2 | തൊഴിൽ നികുതി | |
| 2015-16 | 2-1, 2-2 | 2016-17 | 2 | തൊഴിൽ നികുതി | |
| 2019-20 | 1-30 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥരായ പദ്ധതികളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹5,49,65,297 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹5,44,03,795 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹6,57,552 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 18 | 12,953 | ശ്രീ.സുരേഷ് . എം, കൃഷി ഓഫീസർ,ചെറുകുന്ന്. |
| 1- 19 | 4,56,700 | ശ്രീ.സുരേഷ് . എം, കൃഷി ഓഫീസർ,ചെറുകുന്ന്. |
| 1- 23 | 37,399 | ശ്രീ.രഘുനാഥൻ, ഹെഡ്മാസ്റ്റർ, ചെറുകുന്ന് നോർത്ത് എൽ പി എസ് |
| 1- 24 | 1,50,500 | ശ്രീ.രഘുനാഥൻ, ഹെഡ്മാസ്റ്റർ, ചെറുകുന്ന് നോർത്ത് എൽ പി എസ് |
| ആകെ തുക | ₹6,57,552 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ് . എം, കൃഷി ഓഫീസർ,ചെറുകുന്ന്. | കൃഷി ഓഫീസർ,കൃഷി ഭവൻ, ചെറുകുന്ന്. | രാമാർച്ചന,അന്നൂർ പി ഒ പയ്യന്നൂർ |
| ശ്രീ.രഘുനാഥൻ, ഹെഡ്മാസ്റ്റർ, ചെറുകുന്ന് നോർത്ത് എൽ പി എസ് | ഹെഡ്മാസ്റ്റർ,ചെറുകുന്ന് നോർത്ത് എൽ പി എസ് | ലക്ഷ്മി നിലയം, പുളിമ്പറമ്പ്, തളിപ്പറമ്പ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2015-16 | കെ.എസ്.എ/കെഎൻആർ/സി16/1257 /2022/03.09.22 | 3 |
| 2018-19 | കെ.എസ്.എ /കെഎൻആർ/സി16/1257 /2022/03.09.22 | 1 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി12/1301 /2021 തീയതി 16.07.2022 | 30 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി16 /443/ 2022 തീയതി 01.11.2022 | 8 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Cherukunnu Grama Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6547723.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1170600.00 |
| 140000000 | Fees & User Charges | RP-4 | 273212.00 |
| 150000000 | Sale & Hire Charges | RP-5 | 138740.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35125067.00 |
| 171000000 | Interest Earned | RP-9 | 164335.00 |
| 190000000 | Prior Period Income | RP-11 | 55127.00 |
| 311000000 | Earmarked Funds | RP-28 | 15147.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10353178.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7051401.00 |
| 460000000 | Loans, Advances and Deposits | RP-49 | 39354.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 69924.00 |
| 350000000 | Other Liabilities | RP-35 | 509212.00 |

| | | | |
|---|---|---|---|
| | Grand total | | 61513020.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 1862640.00 |
| 220000000 | Administrative Expenses | RP-13 | 145846.00 |
| 230000000 | Operations & Maintenance | RP-14 | 379090.00 |
| 240000000 | Interest & Finance Charges | RP-15 | 665.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 7181557.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 8317908.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 3594060.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 14400.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 355537.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 20000.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | -5400.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1217834.00 |
| 412000000 | Capital Work In Progress | RP-39 | 0.0 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 2392827.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 4968604.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 565906.00 |
| 460000000 | Loans, Advances and Deposits | RP-49 | 645035.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 132713.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-35 | 22614573.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7109225.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 61513020.00 |

2.ഇൻകം & എക്സ് പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Cherukunnu Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4785452.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 336000.00 |
| 140000000 | Fee & User Charges | I-4 | 657479.00 |
| 150000000 | Sale & Hire Charges | I-5 | 150740.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 98769693.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 164335.00 |
| 180000000 | Other Income | I-9 | 343113.00 |
| 190000000 | Prior Period Income | I-19 | 79761.00 |
| | Total Income | | 105206812.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11244763.00 |
| 220000000 | Administrative Expenses | I-11 | 713367.00 |
| 230000000 | Operations & Maintenance | I-12 | 906018.00 |
| 240000000 | Interest & Finance Charges | I-13 | 3668.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5519131.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 17151511.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 4244941.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 12015875.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 38816600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 742571.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 20000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 8652638.00 |
| | Total Expenditure | | 100031083.00 |
| | Gross Surplus / Deficit of income over Expenditure | | -5175729.00 |

| | | | |
|---|---|---|---|
| | Gross Surplus / Deficit of income over Expenditure | | -3857473.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -1398017.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -1318256.00 |

3.ബാലൻസ് ഷീറ്റ്

| Cherukunnu Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 24704349.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 12553.00 |
| 312000000 | Reserves | B-3 | 28165005.00 |
| | Total Reserve & Surplus | | 52881907.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3135970.00 |
| | Total Grants, Contributions for Specific Purposes | | 3135970.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 967999.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 967999.00 |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 123956.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1253642.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1377598.00 |
| | TOTAL LIABILITIES | | 58363474.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 136161.00 |
| 412000000 | Capital Work in Progress | B-11(b) | 1753075.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1137255.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 9407514.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 64611486.00 |
| 416000000 | Accumulated Depreciation | B-11(a) | -28362314.00 |
| | Total Fixed Assets | | 48683177.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 30000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 30000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 537336.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 7109225.00 |
| 460000000 | Loans, Advances and Deposits | B-18 | 2003736.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 9650297.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 58363474.00 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ